**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3734** **06-08-2021 - ൽ മറുപടിയ്ക്ക്**

**കൊയിലാണ്ടി മണ്ഡലത്തിലെ പഠനമുറി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ എത്ര പേർക്കാണ് പഠനമുറി നിർമ്മാണ സഹായം ഇതിനോടകം നൽകിയത്; വ്യക്തമാക്കുമോ; | (എ) | കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 176 വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് വ്യക്തിഗത ആനുകൂല്യമായ പഠനമുറി എന്ന പദ്ധതി നടപ്പിലാക്കുന്നില്ല. 30 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠനം നടത്തുന്ന കോളനികൾ കേന്ദ്രീകരിച്ച് പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി സാമൂഹ്യ പഠനമുറി എന്ന പദ്ധതിയാണ് നടപ്പിലാക്കുന്നത് |
| (ബി) | ആനുകൂല്യം കൈപ്പറ്റിയ എത്ര കുടുംബങ്ങളുടെ പഠനമുറി നിർമ്മാണം ഇതിനോടകം പൂർത്തിയായിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | മേൽപ്രകാരം അനുവദിച്ചതിൽ 118 പഠനമുറികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 58 പഠന മുറികളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗതിയിലാണ്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരമുള്ള അപേക്ഷകൾ ഇപ്പോഴും സ്വീകരിച്ചുവരുന്നുണ്ടോ; വിശദമാക്കാമോ? | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ലഭ്യമാക്കുന്ന ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവർക്കാണ് നിലവിൽ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നത്. കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പ് വർഷം 35 പഠന മുറികൾ അനുവദിക്കുന്നതിന് ഭൗതിക ലക്ഷ്യം നിശ്ചയിച്ച് ഇതിനായി അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ